# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1177 04/12/2014-ലെ മറുപടിക്ക്

## 2011മുതൽ 2015 വരെ അനുവദിച്ച പ്ലസ് ടു സ്കൂളുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ.കെ .വിജയൻ | | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ മന്ത്രി) | |
| (എ) | സർക്കാർ മേഖലയിൽ 2011 മുതൽ 2015 വരെയുള്ള വിദ്യാഭ്യാസ വർഷങ്ങളിൽ എത്ര വീതം പ്ലസ്ടു സ്കൂളുകളും ബാച്ചുകളും അനുവദിക്കുകയുണ്ടായി; വിശദ വിവരം നൽകുമോ; | (എ) | സർക്കാർ മേഖലയിൽ 2011 മുതൽ 2015 വരെയുള്ള അക്കാഡമിക് വർഷങ്ങളിൽ അനുവദിച്ച പുതിയ ഹയർ സെക്കന്ററി സ്കൂളുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>2011-12 – 180 സ്കൂളുകളിലായി 181 അധിക ബാച്ചുകൾ അനുവദിച്ചു.<br>2012 – 13 - അനുവദിച്ചിട്ടില്ല.<br>2013 – 14 - അനുവദിച്ചിട്ടില്ല.<br>2014 – 15 – 61 പുതിയ ഹയർ സെക്കന്ററി സ്കൂളിൽ 61 ബാച്ചുകളും 59 ഹയർസെക്കന്ററി സ്കൂളുകളിലായി 59 അധിക ബാച്ചുകളും അനുവദിച്ചിട്ടുണ്ട്. |
| (ബി) | സർക്കാർ മേഖലയിൽ അനുദിച്ചതിൽ എത്രയിടങ്ങളിൽ ഹിസ്റ്ററി കോമ്പിനേഷൻ ഉണ്ട്; വിശദമാക്കാമോ; | (ബി) | വിശദവിവരം അനുബന്ധം (I) ആയി ചേർക്കുന്നു. |
| (സി) | പ്രസ്തുത കോഴ്സിലേക്കായി എത്ര വീതം ഹിസ്റ്ററി അദ്ധ്യാപക തസ്തികകൾ ആവശ്യമുണ്ട്; വിദ്യാഭ്യാസ വർഷം തിരിച്ചുള്ള എണ്ണം നൽകാമോ; | (സി) | 2011-12 അദ്ധ്യയന വർഷം അനുവദിച്ച അധിക ബാച്ചുകളിലേക്ക് എച്ച്.എസ്.എസ്.റ്റി 14 തസ്തികകളും, എച്ച്.എസ്.എസ്.റ്റി (ജൂനിയർ) 7 തസ്തികകളും ആവശ്യമാണ്. 2014-15 അദ്ധ്യയന വർഷത്തിലേക്ക് അനുവദിച്ച പുതിയ സ്കൂളുകളിലും അധിക ബാച്ചുകൾക്കും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല. |

(ഡി) സ്പെഷ്യൽ റൂൾസ് നിലവിൽ വന്നതിനുശേഷം ഉണ്ടായ HSST സീനിയർ ഹിസ്റ്ററി തസ്തികകളും അതിന്റെ നേരിട്ടും തസ്തികേതര പ്രമോഷൻ വഴിയും നടത്തിയ നിയമനങ്ങളുടെ വിദ്യാഭ്യാസ വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ഡി) വിവരം അനുബന്ധം (II) ആയി ചേർക്കുന്നു.

(ഇ) HSST സീനിയർ ഹിസ്റ്ററി തസ്തികയിൽ ഉണ്ടായ ഒഴിവുകളിൽ തസ്തികേതര പ്രമോഷനുവേണ്ടി 65 ഒഴിവുകൾ സ്പെഷ്യൽ റൂൾ നിഷ്കർഷിക്കുന്ന 1:3 അനുപാതപ്രകാരം മാറ്റി വയ്ക്കപ്പെട്ടപ്പോൾ ആനുപാതികമായി നേരിട്ടുള്ള PSC നിയമനത്തിനായി 195 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഏതൊക്കെ തീയതികളിൽ എത്ര വീതം ഒഴിവുകൾ റിപ്പോർട്ട് ചെയ്തു; വിശദവിവരം നൽകുമോ?

(ഇ) 183 ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തത്. നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം ഒഴിവുകൾ ഉണ്ടാകുന്ന സമയത്ത് യോഗ്യരായ ജൂനിയർ അദ്ധ്യാപകർ ഇല്ലായെങ്കിൽ മാത്രം പ്രസ്തുത ഒഴിവുകൾ 1:3 എന്ന അനുപാതത്തിൽ തസ്തികമാറ്റ നിയമനത്തിനും, നേരിട്ടുള്ള നിയമനത്തിനും വേണ്ടി മാറ്റിവയ്ക്കുകയാണ് ചെയ്യുന്നത്.

| റിപ്പോർട്ട് ചെയ്ത തീയതി | എണ്ണം |
|---|---|
| 09/01/09 | 44 |
| 29/07/09 | 24 |
| 19/10/09 | 1 |
| 15/12/09 | 7 |
| 05/01/10 | 3 |
| 12/07/10 | 12 |
| 02/12/10 | 27 |
| 20/06/11 | 1 |
| 07/07/11 | 6 |
| 31/10/11 | 9 |
| 11/12/13 | 26 |
| 14/05/14 | 3 |
| 26/06/14 | 20 |

അനുബന്ധം വെബ്സൈറ്റിൽ ലഭ്യമാണ്

അനുബന്ധം വെബ്സൈറ്റിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ